

ഹൈസ്കൂൾ

കൂട
നിർമ്മാണം



## പ്രവർത്തനം 4

# പട്ടം പറത്താം

കൂട്ടുകാരേ,
കൊറോണ കാലത്ത് വീട്ടിലിരുന്ന് മടുത്തോ? ഒന്ന് പുറത്തിറങ്ങാൻ തോന്നുന്നില്ലേ? ചെറിയ കാറ്റുള്ള വൈകുന്നേരങ്ങളിൽ തുറസ്സായ സ്ഥലത്ത് ചെന്ന് ഒരു പട്ടം പറത്തി കളിക്കുന്നതിനെ പറ്റി എന്ത് തോന്നുന്നു.. രസമായിരിക്കും അല്ലേ? അതിന് പട്ടം വേണമല്ലോ?
**നമുക്ക് സ്വന്തമായൊരു പട്ടം നിർമിച്ച് നോക്കിയാലോ?**



അറിയാം
നിറയാം
ഉയരാം

യുറീക്ക-ശാസ്ത്രകേരളം
വിജ്ഞാനോത്സവം




ഇതിന് വേണ്ടത് 2 ഷീറ്റ് പത്ര കടലാസും ബല മുള്ള 2ഈർക്കിളും കുറച്ച് നൂലും പശയും മാത്രം. എങ്ങനെയാണ് ഉണ്ടാക്കുക എന്ന് കേട്ടോളൂ... ഒരു പത്രകടലാസ് ചിത്രം 1 ൽ കാണുന്ന വിധം സമചതുരമാക്കുക.

അറിയാം
നിറയാം
ഉയരാം
യുറീക്ക-ശാസ്ത്രകേരളം
വിജ്ഞാനോത്സവം

ഹൈസ്കൂൾ

# കൂട നിർമ്മാണം

## പ്രവർത്തനം 4

അതിന്റെ ഒരു മൂലയിൽ നിന്ന് എതിർമൂലയിലേയ്ക്ക് ഏകദേശം 60 cm ദൂരമുണ്ടാകും. ഇത്രയും നീളത്തിലുള്ള ഒരു ഈർക്കിൾ, ചിത്രം 2ൽ കാണുന്ന വിധം ഒട്ടിക്കുക.

(ഒട്ടിക്കാൻ 4x4 cm പേപ്പർ കഷ്ണങ്ങൾ മുറിച്ചെടുത്ത് പശതേച്ച് ഈർക്കിളിന് മുകളിൽ വെച്ച് അമർത്തിയാൽ മതി )



ചിത്രം 2

ഹൈസ്കൂൾ

കൂട നിർമ്മാണം

# പ്രവർത്തനം 4

അടുത്ത ഈർക്കിൾ നേരത്തെ ഒട്ടിച്ച ഈർക്കിളിനേക്കാൾ 5cm കൂടുതൽ വരുന്ന നീളത്തിൽ (ഏകദേശം 65 cm) മുറിച്ചെടുക്കുക.അതിന്റെ രണ്ടറ്റങ്ങളും നൂല് പയോഗിച്ച് വലിച്ചുകെട്ടി ഒരു വില്ലുണ്ടാക്കണം.

ഈ വില്ല് അടുത്ത എതിർ മൂലകളിൽ വെച്ച് പേപ്പർ കഷ്ണങ്ങൾ ഉപയോഗിച്ച് ഒട്ടിച്ച് ചേർക്കണം.



അറിയാം നിറയാം ഉയരാം

ഹൈസ്കൂൾ

## കൂട
നിർമ്മാണം

# പ്രവർത്തനം 4

ഇനി ചെവി വെക്കണം. ഇതിനായി 10 സെ.മീ. വീതിയും 15 സെ.മീ. നീളവുമുള്ള ഓരോ പേപ്പർ റിബൺ ഇരുവശത്തുമായി(വില്ലിൻ്റെ 2 അറ്റവും വരുന്ന വശം) ഒട്ടിച്ച് തൂക്കിയിടുക.

പട്ടത്തിന്റെ തല തയ്യാറായി, വാലുകൂടി വേണ്ടേ? ഏകദേശം ഒന്നര മീറ്റർ നീളത്തിൽ 7 സെ.മീ വീതിയുള്ള ഒരു പേപ്പർ റിബൺ തയ്യാറാക്കി ചിത്രം 4 ൽ കാണുന്നതുപോലെ ഒട്ടിച്ചോളൂ...



അറിയാം
നിറയാം
ഉയരാം

യുറീക്ക-ശാസ്ത്രകേരളം
വിജ്ഞാനോത്സവം

ചെവികളുടെയും വാലിന്റെയും താഴെ ഭാഗത്ത് ചെറിയ കീറലുകൾ ഉണ്ടായാൽ നന്നായിരിക്കും.

പട്ടം പൂർത്തിയായി കഴിഞ്ഞു.

ഇനി പട്ടം പറത്താനായി നൂല് കെട്ടേണ്ടേ? ഇവിടെയാണ് ശ്രദ്ധ കൂടുതൽ വേണ്ടത്. ഇതിനായി പട്ടത്തിന്റെ തലയിൽ ചിത്രം 5 ൽകാണുന്നതുപോലെ 4 ദ്വാരങ്ങൾ ഇടണം.




അറിയാം
നിറയാം
ഉയരാം
യുറീക്ക-ശാസ്ത്രകേരളം
വിജ്ഞാനോത്സവം





## ഹൈസ്കൂൾ

# പ്രവർത്തനം 4

## കൂട നിർമ്മാണം

50 cm നീളമുള്ള നൂലെടുത്ത് പട്ടത്തിന്റെ അടിവശത്തു നിന്ന് ഒന്നാം ദ്വാരത്തിലൂടെ കോർത്ത് രണ്ടാം ദ്വാരത്തിലൂടെ അടിഭാഗത്തേയ്ക്ക് തന്നെ എടുക്കുക. തുടർന്ന് മൂന്നാം ദ്വാരത്തിലൂടെ മുകളിലേക്ക് കോർത്ത് നാലാം ദ്വാരത്തിലൂടെ അടിയിലേക്ക് എടുക്കുക. ഇപ്പോൾ നൂലിന്റെ രണ്ടറ്റവും പട്ടത്തിന്റെ അടിവശത്തായിരിക്കും ഈ അറ്റങ്ങൾ ചേർത്തുകെട്ടുക.

പട്ടം പറത്താനായി കരുതി വെച്ച നൂലുണ്ടയുടെ അറ്റം തലയുടെ താഴെയുള്ള നൂലിൽ കെട്ടി തുറസായ സ്ഥലത്ത് പറത്തി നോക്കൂ... മുകളിലേക്ക് പോകുന്നതിനനുസരിച്ച് നൂൽ കൂടുതൽ കൂടുതൽ സ്വതന്ത്രമാക്കികൊണ്ടിരിക്കാം. പട്ടം മേലേക്ക് പോകുമ്പോഴും നൂലിന്റെ അറ്റം വിടാതെ മുറുകെ പിടിക്കണേ....

**പട്ടനിർമ്മാണത്തിന്റെ ഒരു കുഞ്ഞു വീഡിയോ എടുക്കാൻ മറക്കരുത്. പട്ടം സൂക്ഷിച്ച് വെക്കണം.**



